LIBRARY ARCHIVES Kerala Legislative Assembly

കെൽട്രോണിലെ കരാർ തൊഴിലാളികൾ

169 (4751) ശ്രീ. കെ മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെൽട്രോണിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷമായി ജോലി ചെയ്യുന്ന എത്ര തൊഴിലാളികളുണ്ട് ; പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള കരാർ തൊഴിലാളികൾ എത്ര പേരുണ്ട് ;

(ബി) കെൽട്രോണിൽ എത്ര സ്ഥിരം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട് ;

(സി) കെൽട്രോണിലെ കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിൽ എന്ത് നയസമീപനമാണ് സ്വീകരിക്കുന്നത് ?

ഉത്തരം

(എ) കെൽട്രോണിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ പത്ത് വർഷമായി ജോലി ചെയ്യുന്ന 5 പേരും പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 772 പേരുമുണ്ട്. കൂടാതെ മറ്റ് സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് അവരുടെ പ്രോജക്ട് നടത്തിപ്പിലേയ്ക്കായി സാങ്കേതിക വൈദഗ്ധ്യംനേടിയ ജീവനക്കാരെ നൽകി വരുന്നവരിൽ, പത്ത് വർഷമായി ജോലി ചെയ്യുന്ന 41 പേരും പത്ത് വർഷത്തിൽ കൂടുതൽ സർവ്വീസുള്ള 296 പേരുമുണ്ട്.

(ബി) കെൽട്രോണിൽ നിലവിൽ 263 തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്.

(സി) കെൽട്രോണിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനങ്ങൾ പരിശോധിച്ചുവരുന്നു.

മൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട്മെന്റ്

170 (4752) ശ്രീ. എ. എം ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി എത്ര പേർക്ക് മൻഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്, ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മുൻഗണനാ ലിസ്റ്റ് തെറ്റിച്ചതിന്റെ പേരിൽ എത്ര കേസ്സുകൾ വിവിധ കോടതികളിൽ നടക്കുന്നുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) മുൻഗണാക്രമം തെറ്റിച്ച് അലോട്ട് ചെയ്യാൻ ഇടയായ സാഹചര്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ജില്ലാ വ്യവസായ കേന്ദ്രംവഴി ആലപ്പുഴ ജില്ലയിൽ 3 പേർക്കും തൃശ്ശൂർ ജില്ലയിലെ 4 പേർക്കും മൺഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മൺഗണനാ ലിസ്റ്റ് തെറ്റിച്ചതിന്റെ പേരിൽ മൂന്നുകേസ്സുകൾ ബഹു. ഹൈക്കോടതിയിൽ നിലവിലുണ്ട്.

1. WP(C) No. 25703/2011 മെ. എ.എസ്. ടേഡേഴ്സിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. സലാവുദ്ദീൻ ഫയൽ ചെയ്തത്.
2. WP(C) No. 35160/2014 മെ. ഷിൻവർ വയേഴ്സ് ലിമിറ്റഡിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. എം. എസ്. അനസ്സ് ഫയൽ ചെയ്തത്.
3. WP(C) No. 5993/2015 മെ. ഷിൻവർ വയേഴ്സ് ലിമിറ്റഡിന് 25 സെന്റ് സ്ഥലം അനുവദിച്ചതിനെതിരെ ശ്രീ. സലാവുദ്ദീൻ ഫയൽ ചെയ്തത്.

(സി) വ്യവസായ ഭൂമി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നു മാത്രമാണ് മൺഗണനാ ലിസ്റ്റ്. അപേക്ഷകൻ സമർപ്പിക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട്, നിക്ഷേപ സാധ്യത, തൊഴിലവസരങ്ങൾ, സ്ഥലത്തിന്റെ ആവശ്യകത, വിദഗ്ധനാണ്യവരവ് തുടങ്ങി ഒട്ടേറെ മാനദണ്ഡങ്ങൾകൂടി കണക്കിലെടുത്താണ് ഭൂമി അനുവദിക്കുന്നത്. അപേക്ഷകന് അനുവദിച്ച ഭൂമി ഉപയോഗശൂന്യമായി കിടക്കുന്നത് ഒഴിവാക്കാനാണ് മൺഗണനാ ലിസ്റ്റ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലിനീകരണ പ്രശ്നത്തെ തുടർന്ന് തദ്ദേശവാസികൾ യൂണിറ്റിന്റെ പ്രവർത്തനം തടയുക, യൂണിറ്റുകളുടെ പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിനുവേണ്ടി കൂടുതൽ സ്ഥലം അനുവദിക്കുക, റോഡ് വികസനത്തിന് സ്ഥലം നൽകിയതിനുപകരം സ്ഥലം അനുവദിക്കുക എന്നീ സാഹചര്യങ്ങൾ മൂലമാണ് മൺഗണനാക്രമം തെറ്റിച്ച് ഭൂമി അലോട്ട് ചെയ്യേണ്ടി വന്നത്.

---

* ലൈബ്രറികളിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly